പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4858 | 01.07.2013 ൽ മറുപടിയ്ക്ക്

## അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ

**ചോദ്യം**

**ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**ശ്രീ.വി.ചെന്താമരാക്ഷൻ**
**ശ്രീ.കെ.കെ.ജയചന്ദ്രൻ**
**ശ്രീ.കെ.രാധാകൃഷ്ണൻ**

(എ) അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനത്ത് സംവിധാനങ്ങൾ എന്തൊക്കെയാണ്; ഇവയുടെ പ്രവർത്തനത്തെകുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

**ഉത്തരം**

**ശ്രീ.ഉമ്മൻചാണ്ടി**
**ബഹു.മുഖ്യമന്ത്രി**

(എ) കാവേരി നദീജലതർക്കം ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ചീഫ് എൻജിനീയർ (ഐ.എസ്.ഡബ്ല്യൂ)യുടെ കാര്യാലയം പ്രവർത്തിച്ചുവരുന്നു. അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങളെ സംബന്ധിച്ചു സർക്കാരിന് ഉപദേശം നൽകുന്നതിനു വേണ്ടി 'ISW Advisory Committee' രൂപീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ മുല്ലപ്പെരിയാർ, പമ്പ അച്ചൻകോവിൽ വൈപ്പാർ ലിങ്ക് കേസ് ഇവയുടെ നടത്തിപ്പിനായി മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ ഐ.ഡി.ആർ.ബി, വികാസ് ഭവനിൽ പ്രവർത്തിച്ചുവരുന്നു. കെ.എസ്.ഇ.ബി മുൻ ടെക്നിക്കൽ മെമ്പർ ചെയർമാനും, കെ.എസ്.ഇ.ബി-യിലെ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും അടങ്ങുന്നതാണ് മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ. സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള കേസ്സിൽ സംസ്ഥാനത്തിനു വേണ്ടി ഫലപ്രദമായി വാദിക്കുവാൻ സീനിയർ അഭിഭാഷകരേയും, സ്റ്റാന്റിംഗ് കൗൺസിൽ ശ്രീ.എം.ആർ.രമേഷ് ബാബുവിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിനു വേണ്ടി സുപ്രീം കോടതിയിൽ വാദിക്കുന്നതിന്

നിയമിച്ചിട്ടുള്ള വക്കീലന്മാരുടെ നിർദ്ദേശങ്ങൾ പ്രകാരം കേസിനോട് അനുബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതിനും കേസ് നടത്തിപ്പിന് ആവശ്യമായ അനുബന്ധ പ്രവൃത്തികൾ ചെയ്യുന്നതിനും ന്യൂഡൽഹിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ കാവേരി സ്പെഷ്യൽ സെല്ലും പ്രവർത്തിക്കുന്നുണ്ട്. മേൽപ്പറഞ്ഞ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരവുമാണ്.

(ബി) ഏതെല്ലാം സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ഏതെല്ലാം നദീജല പ്രശ്നങ്ങളാണിപ്പോൾ അവശേഷിക്കുന്നതെന്നും ഓരോ പ്രശ്നവും ഇപ്പോൾ ഏത് അവസ്ഥയിലാണെന്നും വെളിപ്പെടുത്താമോ;

(ബി) കേരളവും തമിഴ്നാടും തമ്മിലുള്ള അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ സംബന്ധിച്ച് സുപ്രീം കോടതിയിൽ നിലവിലുള്ള കേസുകൾ താഴെപ്പറയും പ്രകാരമാണ്:

1. <u>മുല്ലപ്പെരിയാർ കേസ് - O.S 3/2006</u>

മുല്ലപ്പെരിയാർ ജലനിരപ്പിനെ സംബന്ധിച്ച് തമിഴ്നാടിന്റെയും കേരളത്തിന്റെയും ഹൈക്കോടതിയിൽ ഉണ്ടായിരുന്ന വിവിധ പെറ്റീഷനുകൾ 1988ൽ സുപ്രീംകോടതിയുടെ ട്രാൻസ്ഫർ പെറ്റീഷൻ ആക്കി മാറ്റുകയുണ്ടായി. 27.02.2006-ൽ മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 142 അടിയായി ഉയർത്തുവാൻ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിപത്രം പുറപ്പെടുവിച്ചു. 10.11.2009-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഡിവിഷൻ ബഞ്ച് പ്രസ്തുത കേസ് കോൺസ്റ്റിറ്റ്യൂഷൻ ബഞ്ചിലേയ്ക്ക് മാറ്റി. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച സാങ്കേതിക വശങ്ങളെക്കുറിച്ച് വിലയിരുത്തുവാൻ വേണ്ടി കോൺസ്റ്റിറ്റ്യൂഷൻ ബെഞ്ച് ഒരു എംപവേർഡ്

കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. 23.04.2012-ൽ എംപവേർഡ് കമ്മിറ്റി അന്തിമ റിപ്പോർട്ട് സമർപ്പിച്ചു. 09.04.2013-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി, മുല്ലപ്പെരിയാർ കേസിന്റെ അന്തിമ വിധി പുറപ്പെടുവിക്കുന്നതിനു വേണ്ടി കേസ് 23.07.2013 മുതൽ പോസ്റ്റ് ചെയ്യുകയുണ്ടായി.

2. <u>പറമ്പിക്കുളം ആളിയാർ പ്രോജക്ട് - O.S 2/2013</u>

നടപ്പു ജലവർഷം (2012-13) കരാർ വ്യവസ്ഥകൾ പാലിക്കുന്നതിൽ തമിഴ്നാട് വീഴ്ച വരുത്തിയിട്ടുണ്ട്. കേരളത്തിന് അർഹതപ്പെട്ട ജലം ആവശ്യപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും നിരവധി കത്തുകൾ അയച്ചുവെങ്കിലും തമിഴ്നാടിന്റെ പ്രതികരണം അനുകൂലമല്ലാത്ത സാഹചര്യത്തിൽ കരാർ വ്യവസ്ഥകൾ പാലിക്കാൻ തമിഴ്നാട് ബാദ്ധ്യസ്ഥമാണ് എന്ന ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് കേരളം ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ 16.04.2013-ൽ O.S 2/2013 ഫയൽ ചെയ്തിട്ടുണ്ട്. ഇപ്പോൾ സുപ്രീംകോടതിയ്ക്ക് അവധിയായതിനാൽ കോടതി തുറന്നതിനുശേഷം മാത്രമേ തുടർ നടപടികൾക്കായി കേസ് പരിഗണിക്കുകയുള്ളൂ. എങ്കിലും ഇരുസംസ്ഥാനങ്ങൾ തമ്മിലുള്ള ചർച്ചയ്ക്കുള്ള സാഹചര്യവും കേരളം പൂർണ്ണമായി ഉപേക്ഷിച്ചിട്ടില്ല.

3. <u>നെയ്യാർ ഇറിഗേഷൻ പ്രോജക്ട് കേസ് O.S 2/2012</u>

നെയ്യാർ ജലസേചന പദ്ധതിയുടെ ഇടതുകര കനാലിൽ നിന്നും തമിഴ്നാട്ടിലേക്ക് ഉണ്ടായിരുന്ന ജലവിതരണം പുന:

സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാട് സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസ് 30.04.2013-ൽ വാദത്തിന് എടുത്തെങ്കിലും 07.05.2013-ൽ Justice.Kurien Joseph മെമ്പർ അല്ലാത്ത മറ്റൊരു ബെഞ്ചിലേക്ക് മാറ്റാൻ ഉത്തരവ് ആയി. അടുത്തതായി കേസ് പരിഗണനയ്ക്ക് എടുക്കുന്ന തീയതി സംബന്ധിച്ച വിവരം ഈ ആഫീസിൽ ലഭ്യമായിട്ടില്ല.

കാവേരി നദീ ജല തർക്ക ട്രൈബ്യൂണൽ 2007 ഫെബ്രുവരി 5ന് പുറപ്പെടുവിച്ച വിധിയിൽ കേരളം ആവശ്യപ്പെട്ടത്ര ജലം ലഭിക്കാത്തതിനാൽ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനും, ട്രൈബ്യൂണലിൽ ISW Act Section 5 (3) പ്രകാരം application ഫയൽ ചെയ്തിട്ടുണ്ട്, ഈ കേസ് 6.8.2013ൽ പരിഗണിക്കുന്നതിനായി സുപ്രീംകോടതി ലിസ്റ്റ് ചെയ്തിട്ടുണ്ട്.ഇതിൽ വിധി പ്രസ്താവിച്ചതിന് ശേഷം മാത്രമെ സംസ്ഥാനങ്ങളുടെ പരാതി ട്രൈബ്യൂണൽ പരിഗണിക്കുകയുള്ളൂ. ട്രൈബ്യൂണലിന്റെ അന്തിമ വിധി നടപ്പാക്കുന്നതിനായി 22.5.2013ലെ കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം കാവേരി സൂപ്പർവൈസറി കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം മറ്റ് സംസ്ഥാനങ്ങൾ അനധികൃതമായി കൊണ്ട് പോകുന്നത് നിരീക്ഷിക്കുവാനും റിപ്പോർട്ട് ചെയ്യുന്നതിനും അതതു ബേസിനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം എല്ലാ മാസവും പരിശോധന നടത്തി റിപ്പോർട്ടുകൾ സമർപ്പിക്കുന്നുമുണ്ട്.

| | |
|---|---|
| (സി) നദീജലപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഫലപ്രദമാണോ; വിശദമാക്കുമോ? | (സി) നദീജല പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ തികച്ചും ഫലപ്രദമാണ്. അർഹതപ്പെട്ട ജലം നേടിയെടുക്കുന്നതിനും നദീജല പ്രശ്നങ്ങൾ സംബന്ധിച്ചുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിനും അപ്രകാരം സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ഈ സംവിധാനങ്ങൾ മുഖേന, സാധ്യമായ എല്ലാ നടപടികളും കൈക്കൊണ്ടുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ